#IIMKinMedia

Date: October 05, 2026

Newspaper: Mathrubhumi, pg. 05

# മുഖ്യമന്ത്രി വി.ഡി. സതീശനും പ്രൊഫ. ദേബാശിഷ് ചാറ്റർജിക്കും ഗോൾഡൻ പെൻ ഫെലോഷിപ്പ് അവാർഡ്

**കോഴിക്കോട്** ▸ മുഖ്യമന്ത്രി വി.ഡി. സതീശനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ (ഐ.ഐ.എം. കോഴിക്കോട്) ഡയറക്ടർ പ്രൊഫ. ദേബാശിഷ് ചാറ്റർജിക്കും നാഷണൽ സെലിബ്രിറ്റി ടീച്ചർ ഗോാംഡൻ പെൻ ഫെലോഷിപ്പ് അവാർഡ്.



വി.ഡി. സതീശൻ



പ്രൊഫ. ദേബാശിഷ് ചാറ്റർജി

കേരളത്തെ വയോജനസൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ സിൽവർ ഇക്കണോമി പദ്ധതിയാവിഷ്കരിച്ചതിനാണ് മുഖ്യമന്ത്രി വി.ഡി. സതീശന് അവാർഡ് നൽകാൻ ജൂറി പാനൽ തിരുമാനിച്ചത്.

'ക്യാൻ യു ടീച്ച് എ സീബ്രാ സം ആാംജിബ്രാ' എന്ന പുസ്തകത്തിനാണ് പ്രൊഫ. ദേബാശിഷ് ചാറ്റർജിക്ക് പുരസ്കാരം സമ്മാനിക്കുന്നത്. അന്താരാഷ്ട്ര അധ്യാപക ദിനമായ ഒക്ടോബർ അഞ്ചിന് കോഴിക്കോട് കുന്ദമംഗലത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് ആൻഡ് റിസർച്ച് (ഐ.എം.എസ്.എ.ആർ.) കാമ്പസിൽ നടക്കുന്ന രണ്ടാമത് അന്താരാഷ്ട്ര സെലിബ്രിറ്റി ടീച്ചർ കോൺഗ്രസിൽവെച്ച് വോംഡ് മോണ്ടിസ്സോറി കൗൺസിലിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും അക്കാദമിക് ഓഡിറ്ററുമായ മോണ്ടിസ്സോറിയൻ ലിയോ അനൂ (സിങ്കപ്പൂർ) പുരസ്കാരപ്രഖ്യാപനം നടത്തും.

സെലിബ്രിറ്റി ടീച്ചർ കോൺഗ്രസിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 85928 13331 എന്ന നമ്പറുകളിൽ രജിസ്റ്റർചെയ്യണം.